**FIRST TERMINAL EVALUATION – 2024-’25**
**SOCIAL SCIENCE**

**ANSWER KEY**

**STD IX**

**BIJU.M**
**GHSS PRAPPA**
**KASARGOD**

**COLIN JOSE.E**
**DR.AMMR GOVT. HSS, KATTELA**
**THIRUVANANTHAPURAM**

| Qn No: | VALUE POINTS | Score |
|---|---|---|
| | **1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം** | |
| **1** | **അർത്ഥശാസ്ത്രം എഴുതിയത് :**<br>d)കൗടില്യൻ | **1** |
| **2** | **ഇംഗ്ലണ്ടിലെ മധ്യശിലായുഗകേന്ദ്രം :**<br>b) സ്റ്റാർകാർ | **1** |
| **3** | **ഇന്ത്യൻ ഭരണഘടനയിലെ ഏഴാം പട്ടികയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന:**<br>c)i),iii) | **1** |
| **4** | **ഉത്തരാഖണ്ഡ് ഹിമാലയം ഏതൊക്കെ നദികൾക്കിടയിലാണ് :**<br>b)സത് ലജ് - കാളീ | **1** |
| **5** | **ഹിമാചൽ പ്രദേശിനെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന ചുരം :**<br>a) ബാരാലച്ചാ ലാ | **1** |
| | **6 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം** | |
| **6** | **ഭാബർ മേഖലയുടെ സവിശേഷതകൾ :**<br>• സിവാലിക്ക് പർവതനിരയുടെ തെക്ക് ഭാഗത്ത് കാണുന്ന ഭാഗം<br>• ഏകദേശം 8 കിലോമീറ്റർ മുതൽ 10 കിലോമീറ്റർ വരെ വിസ്തൃതിയുള്ള ഇടുങ്ങിയ ഭൂഭാഗം<br>• പർവതഭാഗത്തു നിന്നും വരുന്ന നദികൾ കൊണ്ടുവരുന്ന ഉരുളൻ കല്ലുകളും പാറകളും നിക്ഷേപിക്കപ്പെട്ട് രൂപംകൊണ്ട സമതല ഭാഗം<br>• നദികൾ ഈ ഭാഗങ്ങളിൽ ദൃശ്യമാകുന്നില്ല **(Any 3)** | **3** |
| **7** | **പ്രാചീനശിലായുഗവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക :**<br>a)പ്രയോജനപ്പെടുത്തൽ<br>b)ലഭ്യമായ കല്ലുകളെ ആവശ്യാനുസരണം രൂപമാറ്റം വരുത്തി ഉപയോഗിക്കുന്ന രീതി<br>c)ക്രമവൽക്കരണം | **3** |
| **8** | **ഇന്ത്യൻ ഫെഡറലിസത്തിന്റെ സവിശേഷതകൾ :**<br>• കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കുമായി ഒരു പൊതു ഭരണഘടന<br>• ഭരണഘടനയുടെ പരമാധികാരം | |

| | | |
|---|---|---|
| | • ഏക പൗരത്വം<br>• ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരങ്ങളിൽ കേന്ദ്രത്തിന് മേൽക്കൈ<br>• ദ്വിമണ്ഡല നിയമനിർമ്മാണ സഭ<br>• കേന്ദ്ര - സംസ്ഥാന അധികാര വിഭജനം<br>• അധികാര വിഭജനത്തിൽ കൂടുതൽ വിഷയങ്ങളും പ്രധാന അധികാരങ്ങളും കേന്ദ്രത്തിന്<br>• സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ<br>• അർധ ഫെഡറൽ സംവിധാനം<br>• **(Any 3)** | **3** |
| **9** | **ബുദ്ധ സ്തൂപങ്ങൾ :**<br>• ബുദ്ധന്റെ ഭൗതിക അവശിഷ്ടങ്ങളോ ബുദ്ധൻ ഉപയോഗിച്ച വസ്തുക്കളോ അടക്കംചെയ്ത സ്ഥലങ്ങളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളാണ് സ്തൂപങ്ങൾ.<br>• അർധവൃത്താകൃതിയിലാണ് ഇവ നിർമ്മിച്ചിരിക്കുന്നത്.<br>• ഇവ കൊത്തുപണികളാൽ സമ്പന്നമാണ്.<br>• സാഞ്ചി, സാരനാഥ് എന്നിവിടങ്ങളിലെ സ്തൂപങ്ങൾ ഉദാഹരണങ്ങളാണ്. | **3** |
| **10** | **ഹിമാലയൻ നിരകൾ :**<br>a) ഔട്ടർഹിമാലയം - സിവാലിക് നിര<br>b) ഗ്രേറ്റർഹിമാലയം - ഹിമാദ്രി<br>c) ലസ്സർഹിമാലയം - ഹിമാചൽ | **3** |
| **11** | **മാനവവിഭവശേഷിയെ കൂടുതൽ കാര്യക്ഷമതയുള്ളതാക്കി മാറ്റാൻ സഹായിക്കുന്ന ഘടകങ്ങൾ:**<br>• ഉന്നത വിദ്യാഭ്യാസം<br>• ഉചിതമായ പരിശീലനം<br>• ആരോഗ്യ പരിരക്ഷ | **3** |
| **12** | a)സംയോജകസീമ<br>b) വിയോജകസീമ<br>d) ഛേദകസീമ | **3** |
| **13** | **പഞ്ചാബ് ഹരിയാന സമതലത്തിലെ ദോബുകൾ :**<br>1. ബിസ്ത്-ജലന്ധർ ദോബ്<br>2. ബാരി ദോബ്<br>3. രച്നാ ദോബ്<br>4. ചാജ് ദോബ്<br>5. സിന്ധ്സാഗർ ദോബ് **(Any 3)** | **3** |
| **14** | **സപ്താംഗസിദ്ധാന്തവുമായി ബന്ധപ്പെട്ട ശരിയായ ജോഡി :**<br>a)മിത്രം - സൗഹൃദ രാജ്യങ്ങൾ<br>c)ജനപദം - ഭൂമേഖലയും ജനങ്ങളും | **3** |

| | | |
|---|---|---|
| | e)ദുർഗം - കോട്ടകെട്ടി സംരക്ഷിച്ച സ്ഥലം | |
| **15 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം** | | |
| **15** | **മൺസൂൺ കാറ്റുകൾ തിരിച്ചറിഞ്ഞ് അവയുടെ സഞ്ചാരഗതി വിശദമാക്കുക:**<br>● തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ<br>• അറബിക്കടൽശാഖ, ബംഗാൾ ഉൾക്കടൽശാഖ എന്നിങ്ങനെ രണ്ട് ശാഖകളായി ഇന്ത്യയിൽ പ്രവേശിക്കുന്നു.<br>• സുന്ദരവനം ഡൽ റ്റാപ്രദേശത്തിലൂടെ കരയിലേക്ക് പ്രവേശിക്കുന്ന ബംഗാൾ ഉൾക്കടൽശാഖ രണ്ട് ഉപശാഖകളായി പിരിയുന്നു.<br>• ഒന്ന് കിഴക്ക് ദിശയിൽ ബ്രഹ്മപുത്രാസമതലത്തിൽ പ്രവേശിച്ച് വൻതോതിൽ മഴ നൽകുന്നു.<br>• പടിഞ്ഞാറുദിശയിൽ ഗംഗാസമതലത്തിലേക്ക് പ്രവേശിക്കുന്ന ഉപശാഖ പശ്ചിമബംഗാൾ , ബീഹാർ , ഉത്തർപ്രദേശ് , ഡൽഹി എന്നിവിടങ്ങളിൽ മഴനൽകി മുന്നേറുന്നു.<br>• ഇത് അരാവലി പർവത നിരയ്ക്ക് സമാന്തരമായി നീങ്ങുന്ന അറബിക്കടൽശാഖയുമായി പഞ്ചാബ് സമതലത്തിൽ വച്ച് കൂടിച്ചേരുകയും പടിഞ്ഞാറൻ ഹിമാലയത്തിന്റെ അടിവാര മേഖലയിൽ വരെ മഴയെത്തിക്കുകയും ചെയ്യുന്നു. | **4** |
| **16** | **ഉൽപാദന ഘടകങ്ങളും അവയ്ക്കുള്ള പ്രതിഫലവും :**<br>a)പാട്ടം - ഭൂമി<br>b)വേതനം - അധ്വാനം<br>c)പലിശ -മൂലധനം<br>d)ലാഭം - സംരംഭകത്വം | **4** |
| **17** | **ഉത്തരപർവ്വത മേഖല :**<br>a)ട്രാൻസ് ഹിമാലയത്തിലെ രണ്ട് പർവ്വതനിരകൾ -കാരക്കോറം,ലഡാക്ക്,സസ്കർ<br>b)പൂർവാചലിലെ പ്രധാന കുന്നുകൾ -പട്കായ്ബും,നാഗാകുന്നുകൾ,മിസോ കുന്നുകൾ, ഗാരോ, ഖാസി, ജയന്തിയ | **4** |
| **18** | **ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ** :<br>• ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടന<br>• പാർലമെന്ററി ജനാധിപത്യം<br>• ദൃഢവും അയവുള്ളതുമായ ഘടന<br>• മൗലികാവകാശങ്ങളും , മൗലിക കർത്തവ്യങ്ങളും<br>• മാർഗനിർദേശക തത്വങ്ങൾ<br>• ദ്വിമണ്ഡല നിയമനിർമ്മാണ സഭകൾ<br>• ശക്തമായ കേന്ദ്ര ഗവൺമെന്റോട്കൂടിയ ഫെഡറലിസം<br>• സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ നീതിന്യായ വ്യവസ്ഥ<br>• സ്വാതന്ത്ര ഭരണഘടനാ സ്ഥാപനങ്ങൾ **(Any 4)** | **4** |

| | | |
|---|---|---|
| **19** | **മഹാവീരൻ മോക്ഷ പ്രാപ്തിക്കായി മുന്നോട്ടുവെച്ച തത്വങ്ങൾ :**<br>• ശരിയായ വിശ്വാസം,ശരിയായ അറിവ്,ശരിയായ പ്രവൃത്തി<br>• ഇവ **'ത്രിരത്നങ്ങൾ'** എന്നറിയപ്പെടുന്നു | **4** |
| **20** | **A** — **B**<br>പട്കായിബും — പൂർവാചൽകുന്നുകൾ<br>നൈനിതാൽ — ഉത്തരാഖണ്ഡ് ഹിമാലയം<br>ഷിംല — ഹിമാചൽ ഹിമാലയം<br>മൗണ്ട് K2 — കാശ്മീർ ഹിമാലയം | **4** |
| **21** | **നവീനശിലായുഗത്തിൽ മൃഗങ്ങളെ ഇണക്കി വളർത്താനും കൃഷി ആരംഭിക്കുവാനും മനുഷ്യരെ പ്രേരിപ്പിച്ച ഘടകങ്ങൾ :**<br>• ജനസംഖ്യാവർധനവ്<br>• മനുഷ്യാധിവാസ കേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർധന<br>• സങ്കീർണമായ സാമൂഹികസംഘാടനം<br>• ഭക്ഷ്യോൽപ്പന്നങ്ങളുടെ ലഭ്യതക്കുറവ്<br>• സാങ്കേതികവിദ്യയിൽ വന്ന മാറ്റം | **4** |
| **22** | **അശോക ധമ്മ :**<br>തന്റെ പ്രജകൾക്കിടയിൽ സഹവർത്തിത്വവും സമാധാനവും നിലനിർത്താൻ അശോക ചക്രവർത്തി പ്രചരിപ്പിച്ച ആശയങ്ങളാണ് അശോകധമ്മ (ധർമ്മ) എന്നറിയപ്പെടുന്നത്.<br>**അശോക ധമ്മയിലെ പ്രധാന ആശയങ്ങൾ :**<br>• മറ്റ് മതവിശ്വാസികളോട് സഹിഷ്ണുത കാണിക്കുക.<br>• മുതിർന്നവരെയും ഗുരുക്കന്മാരെയും ബഹുമാനിക്കുക.<br>• അടിമകളോടും രോഗികളോടും ദയ കാണിക്കുക. | **4** |
| **23** | **ശിലായുഗങ്ങൾ :**<br>a) ഷോവൈ - പ്രാചീനശിലായുഗം<br>b) ദൈമാബാദ് - താമ്രശിലായുഗം<br>c) ജാർമൊ - നവീനശിലായുഗം<br>d) ലഖ്ജാവോർ -മധ്യശിലായുഗം | **4** |
| **24** | **ശൈത്യകാലത്ത് ഉത്തരേന്ത്യൻ സമതലങ്ങളിൽ അതിശൈത്യം അനുഭവപ്പെടാനുള്ള കാരണങ്ങൾ :**<br>• ഉത്തരേന്ത്യ സമതലങ്ങളുടെ മിക്ക പ്രദേശങ്ങളും സമുദ്രത്തിന്റെ സ്വാധീനത്തിൽ നിന്നും ഏറെ അകലെയായിരിക്കുന്നത്.<br>• ഹിമാലയൻ പർവ്വതനിരകളിലെ മഞ്ഞു വീഴ്ച അതിശക്തമായ ശീത കാറ്റിന് കാരണമാകുന്നു.<br>• പശ്ചിമേഷ്യയിൽ നിന്നും വീശുന്ന ശീതക്കാറ്റ് ഉത്തരേന്ത്യൻ സമതലത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ഹിമം , മൂടൽമഞ്ഞ് , ശീതതരംഗം എന്നിവയ്ക്ക് | **4** |

കാരണമാകുന്നു.

- ഉത്തരാർധഗോളത്തിൽ നിന്നും ദക്ഷിണാർധഗോളത്തിലേക്കുള്ള സൂര്യന്റെ അയനം.

**25** **ആദ്യകാല വേദകാലത്തിലെയും പിൽക്കാല വേദകാലത്തിലെയും ജനജീവിതം:** (സ്കോർ: 4)

| സൂചനകൾ | ആദ്യകാല വേദകാലം | പിൽക്കാല വേദകാലം |
|---|---|---|
| **സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം** | സമൂഹത്തിൽ സ്ത്രീകൾക്ക് താരതമ്യേന ഉയർന്ന സ്ഥാനം. | സ്ത്രീകളുടെ സാമൂഹിക പദവിക്ക് മങ്ങലേറ്റു . |
| **ആരാധനാരീതി** | യാഗങ്ങൾ ലളിതവും ഓരോ കുടുംബനാഥനും ചെയ്യാവുന്നവയുമായിരുന്നു. പ്രകൃതി ശക്തികളെ ആരാധിച്ചു. | യാഗങ്ങൾ സങ്കീർണവും ചെലവേറിയതുമായി. പ്രത്യേക ആരാധനാമൂർത്തികൾ രൂപപ്പെട്ടു . |

**26** **ഹിമാലയ പ്രദേശങ്ങളിലെ ടൂറിസം വികസനത്തിന്റെ വിവിധ ഘട്ടങ്ങൾ :** (സ്കോർ: 4)

- **തീർത്ഥാടനവുമായി ബന്ധപ്പെട്ട യാത്രകളാണ്** ഹിമാലയ പ്രദേശങ്ങളിലെ ടൂറിസം വികസനത്തിന് തുടക്കമിട്ടത്.
- കൈലാസം , മാനസസരോവരം , അമർനാഥ് , ഹേമ കുണ്ഡ് സാഹിബ് തുടങ്ങി നിരവധി തീർത്ഥാടന കേന്ദ്രങ്ങൾ ഇവിടെയുണ്ട്.
- പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ ഹിമാലയപർവത പ്രദേശങ്ങളിലെ അനുകൂല കാലാവസ്ഥ തിരിച്ചറിഞ്ഞ് ഇവിടങ്ങളിൽ **സുഖവാസ കേന്ദ്രങ്ങൾ വികസിപ്പിച്ചതോടെയാണ്** ടൂറിസം വികസനത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നത്.
- ഷിംല , ഡാർജിലിംങ് , ഷില്ലോങ് , അൽമോറ , റാണി കേറ്റ് ,മുസോറി തുടങ്ങിയ റിസോർട്ട് പട്ടണങ്ങൾ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്.
- ഷെർപ്പ ടെൻസിംഗ് നോർഗെയും എഡ്മണ്ട് ഹിലാരിയും എവറസ്റ്റ് കൊടുമുടി കീഴടക്കിയതിനുശേഷമാണ് ടൂറിസം വികസനത്തിന്റെ മൂന്നാംഘട്ടമായ **ആധുനിക ടൂറിസം സാധ്യതകൾ** ഹിമാലയപ്രദേശത്ത് വികസിച്ചത്.
- ഇന്ന് പർവ്വതാരോഹണം ,പാരഗ്ലൈഡിങ് , സ്കീയിംഗ് തുടങ്ങിയ സാഹസിക വിനോദ സഞ്ചാരമേഖലയും ഏറെ വികസിച്ചിട്ടുണ്ട്.

**ചോദ്യം 27 ന് 5 സ്കോർ**

**27** **ഹിമാലയൻ നീരൊഴുക്ക വ്യൂഹം:**

**ഹിമാലയൻ നദികളും അവയുടെ ഉത്ഭവസ്ഥാനവും**

| സിന്ധുനദി | ഗംഗ നദി | ബ്രഹ്മപുത്ര നദി |
|---|---|---|
| മാനസസരോവര തടാകത്തിനടുത്ത് | ഗംഗോത്രി ഹിമാനിയിലെ ഗോമുഖിൽ നിന്നും | മാനസരോവര തടാകത്തിനടുത്ത് |

| | | |
|---|---|---|
| ബൊഖർച്ച ഹിമാനിയിൽ നിന്നും ഉത്ഭവിക്കുന്നു. | ഉത്ഭവിക്കുന്നു. | ചെമയുങ് ദുങ് ഹിമാനിയിൽ നിന്നും ഉത്ഭവിക്കുന്നു. |

**ഭൂരൂപങ്ങൾ**

- 'V' രൂപ താഴ്‌വരകൾ
- ഗിരികന്ദരങ്ങൾ
- വെള്ളച്ചാട്ടങ്ങൾ

**അല്ലെങ്കിൽ** 5

**നൈസർഗിക സസ്യജാലങ്ങൾ**

- മനുഷ്യന്റെ ഇടപെടലുകൾ ഇല്ലാതെ ദീർഘകാലം ഒരു പ്രദേശത്തെ മണ്ണിനെയും കാലാവസ്ഥയെയും മാത്രം അനുകൂല ഘടകങ്ങളാക്കി വളരുന്ന സസ്യങ്ങളാണ് നൈസർഗിക സസ്യജാലങ്ങൾ.

**ഉത്തരേന്ത്യൻ സമതലത്തിലെ നൈസർഗിക സസ്യജാലങ്ങൾ :**

**(1) ഉഷ്ണമേഖല ഇലപൊഴിയുംവനങ്ങൾ**

- ഉഷ്ണമേഖല ഇലപൊഴിയുംവനങ്ങളെ വരണ്ട ഇലപൊഴിയും കാടുകൾ, ആർദ്ര ഇല പൊഴിയും കാടുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം.
- **വരണ്ട ഇല പൊഴിയും കാടുകൾ** 70 സെൻറീമീറ്ററിനും 100 സെൻറീമീറ്ററിനും ഇടയിൽ വാർഷികമഴ ലഭിക്കുന്ന പ്രദേശങ്ങളിൽ കാണപ്പെടുന്നു.
- വരണ്ട അന്തരീക്ഷ സ്ഥിതിയിൽ ഏകദേശം 6 മുതൽ 8 ആഴ്ച വരെ ഈ സസ്യങ്ങൾ ഇലപൊഴിക്കുന്നു.
- ഉത്തർപ്രദേശിലെ സമതലങ്ങളിലും ബീഹാറിലും വരണ്ട ഇല പൊഴിയും ഞങ്ങൾ കാണപ്പെടുന്നു.
- **ആർദ്ര ഇലപൊഴിയും കാടുകൾ** 100 സെന്റിമീറ്ററിനും 200 സെൻറീമീറ്ററിനും ഇടയിൽ വാർഷികമായ ലഭിക്കുന്ന ടെറായ് - ബാബർ മേഖല ഉൾപ്പെടുന്ന സിവാലിക് താഴ്‌വര , ഒഡിഷയിലെയും പശ്ചിമബംഗാളിലെയും ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്നു.
- തേക്ക്, സാൽ ശിഷാം, മഹുവ, നെല്ലി, ചന്ദനം എന്നിവ ഉഷ്ണമേഖല ഇലപൊഴിയും വനങ്ങളിൽ കാണപ്പെടുന്ന ചില സസ്യവർഗ്ഗങ്ങളാണ്.
- വരൾച്ചക്കാലത്തിന്റെ തുടക്കത്തിൽ മരങ്ങളെല്ലാം പൂർണ്ണമായും ഇലകൾ പൊഴിക്കുന്നു.

**(2) ഉഷ്ണമേഖല മുൾക്കാടുകൾ**

- തെക്ക പടിഞ്ഞാറൻ പഞ്ചാബിലെ അർധ വരണ്ട പ്രദേശങ്ങളിലും പടിഞ്ഞാറൻ ഹരിയാന , രാജസ്ഥാൻ എന്നിവിടങ്ങളിലും കാണപ്പെടുന്നു.
- വൈവിധ്യമാർന്ന പുല്ലുകളും കുറ്റിച്ചെടികളും നിറഞ്ഞത്.
- ബാബുൽ, ബെർ, വന്യ ഈന്തപ്പനകൾ, ഖൈർ, വേപ്പ്, കെജ്രി, പാലസ് തുടങ്ങിയവ പ്രധാന സസ്യവർഗ്ഗങ്ങൾ.
- രണ്ട് മീറ്റർ ഉയരത്തിൽ വരെ വളരുന്ന ടസോക്കി എന്ന പുല്ല് വിഭാഗങ്ങളും

കാണപ്പെടുന്നു.

**(3) ചതുപ്പുനിലവനങ്ങൾ**

- രാജസ്ഥാനിലെ വിശാലമായ ഉപ്പുപാടങ്ങൾ ശുദ്ധജല തടാകങ്ങൾ ഗംഗാസമതലത്തിൽ ശുദ്ധജല ചതുപ്പുകൾ ബ്രഹ്മപുത്രാ നദിയുടെ പ്രളയസമതലങ്ങൾ സുന്ദർബൻ ഡെൽറ്റ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ കാണപ്പെടുന്ന സ്വാഭാവിക സസ്യജാലങ്ങളാണിവ.
- സുന്ദർബൻ പ്രദേശത്ത് കാണപ്പെടുന്ന സ്വാഭാവിക സസ്യജാലങ്ങളാണ് കണ്ടൽക്കാടുകൾ.

**ചോദ്യം 28 ന് 6 സ്കോർ**

**28** **ബി. സി. ഇ ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പുതിയ ആശയങ്ങൾ രൂപം കൊല്ലാൻ ഇടയായ പശ്ചാത്തലം :**

- ബി. സി. ഇ ആറാം നൂറ്റാണ്ടോടെ കൃഷിയെയും കന്നുകാലികളെയും ആശ്രയിച്ചുള്ള ഒരു സാമൂഹിക സാമ്പത്തിക വ്യവസ്ഥ ഗംഗാ തടത്തിൽ ഉയർന്നുവന്നു.
- ഇത് യാഗങ്ങൾക്കും മൃഗബലിക്കും പ്രാമുഖ്യം നൽകിയിരുന്ന വേദകാല ആചാരവുമായി പൊരുത്തപ്പെട്ടതായിരുന്നില്ല.
- യാഗങ്ങളുടെ ഭാഗമായി കന്നുകാലികളെ വ്യാപകമായി ബലി കൊടുക്കുന്നത്, ആശ്രയിച്ചുള്ള കൃഷിയെ പ്രതികൂലമായി ബാധിച്ചു.
- വേദകാല ആചാരങ്ങൾക്കെതിരെ ചിന്തിക്കാൻ ഇത് പ്രേരണയായി.
- വ്യാപാര പുരോഗതിയിലൂടെ മെച്ചപ്പെട്ട ഭൗതിക സാഹചര്യം കൈവന്ന വൈശ്യർ അതിനിടങ്ങുന്ന തരത്തിലുള്ള ഉയർന്ന സാമൂഹിക സ്ഥാനം ആഗ്രഹിച്ചിരുന്നു.
- ഇക്കാലത്ത് വർണ്ണവ്യവസ്ഥയ്ക്ക് പുറത്ത് ഉയർന്നുവന്ന ധനാഢ്യരായ ഗഹപതികൾ കച്ചവടം തൊഴിലാക്കി ഭൂമി കൈവശം വെച്ചിരുന്നു.
- ഇത്തരത്തിൽ സാമ്പത്തികമായി ഉയർന്ന ശ്രേണിയിൽ നിന്നിരുന്ന ഇവർ മെച്ചപ്പെട്ട സാമൂഹിക സ്ഥാനം നേടി.

ഈ സാമൂഹിക പശ്ചാത്തലത്തിലാണ് പുതിയ ആശയധാരകൾ ഉയർന്നുവന്നത്.

**അല്ലെങ്കിൽ**

**പ്രാചീന, മധ്യശിലായുഗങ്ങളിലെ മനുഷ്യരുടെ ജീവിതം താരതമ്യം ചെയ്യുക :** 6

| സൂചനകൾ | പ്രാചീന ശിലായുഗം | മധ്യശിലായുഗം |
|---|---|---|
| **ശിലായുധങ്ങൾ** | പരുക്കൻ ശിലാ ഉപകരണങ്ങൾ, ഉരുളൻകല്ലുപകരണങ്ങൾ , ദ്വിമുഖ മാതൃശിലാ ഉപകരണങ്ങൾ , കൽച്ചീളുപകരണങ്ങൾ | മൈക്രോലിത്തുകൾ അഥവാ സൂക്ഷ്മശിലകൾ |

| | | | | |
|---|---|---|---|---|
| | **ഉപജീവനരീതികൾ** | വേട്ടയാടൽ,ശേഖരണം | വേട്ടയാടൽ,ശേഖരണം, മീൻപിടുത്തം | |
| | **തൊഴിൽ വിഭജനം** | പുരുഷന്മാർ വേട്ടയാടലിലും സ്ത്രീകൾ ശേഖരണത്തിലും ഏർപ്പെട്ടിരുന്നു | ലിംഗാടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം ഉണ്ടായിരുന്നു | |

**Colin Jose.E**
**Dr.AMMR GHSS, Kattela**

**Biju.M**
**GHS Parappa**